**പതിമൂന്നാം കേരള നിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 68 — 05.03.2012 ൽ മറുപടിക്ക്

മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊലപ്പെടുത്തിയ കേസ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി |
| (എ) നീണ്ടകരയിൽ നിന്നും കടലിൽ പോയ മത്സ്യത്തൊഴിലാളികളെ ഇറ്റാലിയൻ കപ്പലിൽ നിന്നും വെടിവെച്ച് കൊലപ്പെടുത്തിയ കേസിൽ ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ദക്ഷിണമേഖലാ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവി ശ്രീ. എം.ആർ. അജിത്കുമാർ ഐ.പി.എസ്. നയിക്കുന്ന പ്രത്യേക അന്വേഷണ സംഘം സംഭവത്തെക്കുറിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്. സംഭവസമയത്ത് ഇറ്റാലിയൻ കപ്പലിന്റെ സുരക്ഷാചുമതല നിർവ്വഹിച്ചിരുന്നവരും വെടിവെപ്പ് നടത്തിയവരെന്ന് സംശയിക്കുന്നവരുമായ Latorre, Salvato Jerone എന്നീ ഇറ്റാലിയൻ നേവി ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾക്കായി കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. കോടതിയുടെ അനുമതിയോടെ ഇവരെ 05.03.2012 വരെ പോലീസ് കസ്റ്റഡിയിൽ വാങ്ങി അന്വേഷണം നടത്തിവരുന്നു. ബഹു. കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ അനുമതിയോടെ സംഭവത്തിലുൾപ്പെട്ട ഇറ്റാലിയൻ കപ്പൽ പരിശോധിച്ച് വെടിവെപ്പ് നടത്തിയതായി സംശയിക്കുന്ന ആയുധങ്ങൾ പിടിച്ചെടുത്ത് വിദഗ്ധപരിശോധനകൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മരണപ്പെട്ടവർക്ക് എന്തെങ്കിലും സഹാധനം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ വീതം സഹായധനം അനുവദിച്ചിട്ടുണ്ട്. |
| (സി) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽനൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ? | (സി) | കൊല്ലപ്പെട്ട ജെലസ്റ്റിന്റെ വിധവ ഡോറയ്ക്ക് മത്സ്യബന്ധനവകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സർവന്റായി നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ